(ജി) വിശദമായ പഠനങ്ങൾ നടത്തിയശേഷം അനുയോജ്യമായ സ്ഥലങ്ങളിൽ കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

9 (*185) ബാലവേല നിരോധന നിയമം

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> :

<u>ശ്രീ. പി.കെ.കെ. ബാവ</u> :

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലവേല നിരോധിച്ചുകൊണ്ടുള്ള നിയമം കർശനമായി പാലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കശുവണ്ടി, കയർ മുതലായ പരമ്പരാഗത വ്യവസായങ്ങളിലും,ഹോട്ടൽ, തീപ്പെട്ടി വ്യവസായങ്ങളിലും ബാലവേല നിരോധനം കർശനമായി പാലിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം അന്വേഷിക്കുമോ;

(സി) നിയമം കർക്കശമായി പാലിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ:

(ഡി) നിയമം ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u>) :

(എ) ഉണ്ട്. ബാലതൊഴിൽ പൂർണ്ണമായും നിരോധിച്ചുകൊണ്ട് സംസ്ഥാനത്ത് പുതിയ ഒരു നിയമം നടപ്പിലാക്കുന്നതിന്റെ സാധ്യതയും അതിന്റെ കരട് ബില്ലും സർക്കാർ നിയമവകുപ്പിൽ പരിശോധിച്ചു വരികയാണ്.

(ബി) ഇതു സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ 1986-ലെ ചൈൽഡ്‌ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരം അപകടകരമായ ചില തൊഴിൽ മേഖലകളിൽ ബാലതൊഴിൽ പൂർണ്ണമായി നിരോധിച്ചിട്ടുള്ളതും മറ്റുമേഖലകളിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ചിട്ടുള്ളതുമാണ്. അതിനാൽ കേന്ദ്രനിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി ബാലതൊഴിൽ പൂർണ്ണമായും നിരോധിച്ചുകൊണ്ട് സംസ്ഥാനത്ത് പുതിയ ഒരു നിയമം നടപ്പിലാക്കുന്നതിനുള്ള സാധ്യതയും അതിന്റെ കരടുബില്ലും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ബാലവേലക്കെതിരെ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുവാനും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനും തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്ത് ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly